നിയമം നടപ്പാക്കാൻ ശ്രമിച്ചാൽ വിദ്യാർത്ഥികളുടെ കാര്യം വിഷമത്തിലാകുമെന്നുള്ളതുകൊണ്ട് ചില അയവു കാണിച്ചെന്നുവരും. നിബന്ധന പാലിക്കണമെന്നു തന്നെയാണ് ഗവണ്മെൻറിന്റെ തീരുമാനം.

ശ്രീ. പി. കുഞ്ഞൻ: സ്ഥലസൗകര്യവും കെട്ടിടവുമില്ലാത്ത സ്കൂളുകൾക്കു കൊല്ലം തോറും പെർമിഷൻ കൊടുക്കാൻ പാടില്ലെന്നു ഡി. ഇ. ഒ: ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുക്കാൻ കാരണമെന്താണ് ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ : ഡി. ഇ. ഒ. ശുപാർശ ചെയ്തിട്ടും പെർമിഷൻ കൊടുത്തത് ഏതു സ്കൂളിനാണെന്നു ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകം എഴുതി അറിയിച്ചാൽ അതിനു ഉത്തരവാദി ആരാണെന്നു കണ്ടുപിടിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : നിയമത്തിൽ അയവു വരുത്താൻ ആർക്കാണ് അധികാരം, ഡയറക്ടർക്കാണോ ഗവണ്മെൻറിനാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ചില പ്രത്യേക കേസുകളിൽ ഗവണ്മെൻറു തന്നെ തീരുമാനം എടുക്കാറുണ്ട്.

വികസനപ്രവർത്തനങ്ങൾക്കു ചെലവായ സംഖ്യ

* 172 [627] ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69 സാമ്പത്തികവർഷത്തിൽ ജില്ലകളിലെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയിൽ ഏറ്റവും കൂടുതൽ ചെലവഴിച്ച ജില്ലയേത്;

(ബി) കൂടുതൽ തുക ലാപ്സാക്കിക്കളഞ്ഞ ജില്ലയുടെ പേരുകൂടി വ്യക്തമാക്കുമോ ?

ഗതാഗതമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം

* 173 [628] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ കോളനികളിൽ താമസിക്കുന്നവർക്കു പട്ടയം കൊടുക്കുന്നതിനു എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്;

(ബി) ഏതു കോളനികളിൽ ഏതു പേർക്കു ഓരോ ജില്ലയിലും ഇത്തരം പട്ടയങ്ങൾ കൊടുത്തു;

(സി) ഈ പട്ടയവിതരണം ത്വരിതപ്പെടുത്താനുള്ള നടപടികൾ എടുക്കുമോ ?

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) സംസ്ഥാനത്തെ എല്ലാ ഹരിജൻ കോളനികളിലും താമസക്കാരായ ഹരിജനങ്ങൾക്കു പട്ടയം കൊടുക്കാനുള്ള കല്പന ഗവണ്മെൻറു നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly